## യോഹന്നാൻ 1 - 12

പുതിയ നിയമത്തിലെ നാല് സുവിശേഷങ്ങളിൽ നാലാമത്തേതാണ് യോഹന്നാന്റെ സുവിശേഷം. മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ മൂന്ന് സുവിശേഷങ്ങൾ പൊതുവേ സമാന്തര സുവിശേഷങ്ങൾ എന്നു വിളിക്കപ്പെടുന്നു. എന്നാൽ യോഹന്നാന്റെ സുവിശേഷം അവയിൽനിന്ന് സാഹിത്യപരമായും ദൈവശാസ്ത്രപരമായും ശ്രദ്ധേയമായി വ്യത്യസ്തമാണ്.

"Synoptic" എന്ന പദത്തിന്റെ അർത്ഥം “ഒരുമിച്ച് കാണുക” എന്നതാണ്. മത്തായി, മർക്കോസ്, ലൂക്കോസ് എന്നിവയിൽ യേശുവിന്റെ ജീവിതത്തിലെ പല സംഭവങ്ങളും സമാനക്രമത്തിലും സമാനരൂപത്തിലും കാണപ്പെടുന്നു. യോഹന്നാനിൽ അതേ സംഭവങ്ങൾ പലപ്പോഴും വ്യത്യസ്തമായ രീതിയിലാണ് അവതരിപ്പിക്കുന്നത്.

### 1. രചയിതാവ്

പരമ്പരാഗത രചയിതാവ്: സെബെദിയുടെ പുത്രനായ യോഹന്നാൻ അപ്പസ്തോലൻ (യാക്കോബിന്റെ സഹോദരൻ). യേശുസംഭവങ്ങൾ കാണുകയും, യേശുസംഭവങ്ങൾക്ക് സാക്ഷ്യംവഹിച്ചിട്ടുള്ള പലസ്തീനക്കാരനായ ഒരുവനാണ് ഈ സുവിശേഷം രചിച്ചത്. (19,35; 21, 2324).

വിശേഷണം: യേശു ഏറ്റവും സ്നേഹിച്ച ശിഷ്യൻ (‘യേശു സ്നേഹിച്ച ശിഷ്യൻ’): സുവിശേഷത്തിൽ “യോഹന്നാൻ” എന്ന പേര് പല സാഹചര്യങ്ങളിലും പ്രത്യക്ഷപ്പെടുന്നു. എന്നാൽ രചയിതാവ് സ്വയം “ഞാൻ യോഹന്നാൻ” എന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നില്ല. പ്രത്യേകിച്ച് യേശു സ്നേഹിച്ച ശിഷ്യൻ എന്നറിയപ്പെടുന്ന വ്യക്തി യോഹന്നാന്റെ സുവിശേഷത്തിൽ പ്രധാനപ്പെട്ട സാക്ഷിയാണ്. ( യോഹ 13, 23; യോഹ 19, 26; യോഹ 20, 2; യോഹ 21,7;യോഹ 21, 20).

യോഹന്നാനും യാക്കോബും അറിയപ്പെട്ടിരുന്ന പേര്: ബൊവനേർഗ്ഗെസ് (‘ഇടിമുഴക്കത്തിന്റെ മക്കൾ’ മർക്കോസ് 3,17).

ആദ്യകാല സാക്ഷ്യം: എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ലിയോൺസിലെ വിശുദ്ധ ഇരണേവൂസ് ആണ് ഈ സുവിശേഷം എഴുതിയത് യോഹന്നാൻ അപ്പസ്തോലനാണെന്ന് രേഖപ്പെടുത്തിയത് (AD 180).

യോഹന്നാന്റെ സുവിശേഷത്തിന്റെ രചനാകാലത്തെക്കുറിച്ച് പൊതുവായ പണ്ഡിതാഭിപ്രായം AD 90 - 100 കാലഘട്ടം എന്നതാണ്.

### 2. ലക്ഷ്യവും വായനക്കാരും

ലക്ഷ്യമിട്ട സമൂഹം: സഭയിലെ രണ്ടാം/മൂന്നാം തലമുറയിലെ ക്രിസ്ത്യാനികൾ (യഹൂദന്മാരും യവനന്മാരും/ ഗ്രീക്കുകാരും ഉൾപ്പെടുന്ന ആഗോള വിശ്വാസി സമൂഹം).

മുഖ്യ ലക്ഷ്യം: ‘യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിച്ചു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകുന്നതിനും’ (യോഹന്നാൻ 20:31).

പ്രധാന വെല്ലുവിളികൾ: ഗ്നോസ്റ്റിസിസം, ക്രിസ്തുവിന്റെ മനുഷ്യത്വത്തെ തള്ളിപ്പറഞ്ഞ ഡോസെറ്റിസം തുടങ്ങിയ ആദിമ പാഷണ്ഡതകളെ പ്രതിരോധിക്കൽ.

3. സുവിശേഷത്തിന്റെ പ്രധാന വിഭജനം (Structure of the Gospel)

പ്രമുഖ ബൈബിൾ പണ്ഡിതനായ റെയ്മണ്ട് ബ്രൗണിന്റെ (Raymond E. Brown) വിഭജനപ്രകാരം ഈ സുവിശേഷം പ്രധാനമായും നാല് ഭാഗങ്ങളായി തിരിയുന്നു:

1. ആമുഖം : അധ്യായം 1:1–18 (വചനത്തിന്റെ മനുഷ്യാവതാരം)
2. അടയാളങ്ങളുടെ പുസ്തകം : അധ്യായം 1:19 മുതൽ 12:50 വരെ
3. മഹത്വത്തിന്റെ പുസ്തകം : അധ്യായം 13:1 മുതൽ 20:31 വരെ
4. ഉപസംഹാരം : അധ്യായം 21 (തിബേരിയോസ് കടൽത്തീരത്തെ പ്രത്യക്ഷപ്പെടൽ)

4. യേശുവിന്റെ ‘ഞാൻ ആകുന്നു’ (‘ഏഗോ എയ്മി’) പ്രസ്താവനകൾ

‘ഞാൻ ഞാൻ തന്നെ’ എന്നർഥംവരുന്ന ‘ഏഗോ എയ്മി’ എന്ന് (പുറ 3,13.14) ദൈവം മോശയ്ക്ക് സ്വയം വെളിപ്പെടുത്തിക്കൊടുക്കുന്നുണ്ട്. യേശുവിന്റെ വ്യക്തിത്വം വെളിപ്പെടുത്താൻ സുവിശേഷകന് ഉപയോഗപ്പെടുത്തിയിരിക്കുന്നതും ഈ പ്രയോഗംതന്നെ. യേശുവിന്റെ ദൈവികതയാണ് ഇതു സൂചിപ്പിക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു തന്റെ വ്യക്തിത്വം വെളിപ്പെടുത്തുന്ന 7 പ്രധാന ‘ഞാൻ ആകുന്നു’ പ്രസ്താവനകൾ:

1. ജീവന്റെ അപ്പം– യോഹന്നാൻ 6:35
2. ലോകത്തിന്റെ വെളിച്ചം – യോഹന്നാൻ 8:12

3. ആടുകളുടെ വാതിൽ - യോഹന്നാൻ 10:7
4. നല്ല ഇടയൻ - യോഹന്നാൻ 10:11
5. പുനരുത്ഥാനവും ജീവനും - യോഹന്നാൻ 11:25
6. വഴിയും സത്യവും ജീവനും - യോഹന്നാൻ 14:6
7. സാക്ഷാൽ മുന്തിരിവള്ളി - യോഹന്നാൻ 15:1

5. ദൈവശാസ്ത്രസ്വഭാവം

യോഹന്നാന്റെ സുവിശേഷത്തിന്റെ ദൈവശാസ്ത്രസ്വഭാവം ആദ്യനൂറ്റാണ്ടുകൾമുതൽതന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ദൈവശാസ്ത്രപരമായ വിചിന്തനങ്ങളിലൂടെ തന്റെ സമൂഹത്തെ പരിപോഷിപ്പിക്കുക എന്നതായിരുന്നു സുവിശേഷകന്റെ ലക്ഷ്യം. യേശു ആരാണെന്ന തിരിച്ചറിവാണ് എല്ലാ വിചിന്തനങ്ങളുടെയും കേന്ദ്രബിന്ദു. യേശു ക്രിസ്തുവും (മിശിഹായും) ദൈവപുത്രനുമാണെന്ന് തെളിയിക്കുകയാണ് ഗ്രന്ഥകാരന്റെ ലക്ഷ്യം. വായനക്കാരന് ആ തിരിച്ചറിവിലേക്കു വരുകയും അത് വിശ്വസിക്കുന്നതുവഴിയായി ജീവൻ പ്രാപിക്കുകയും വേണം (യോഹ 20,30–31). മാംസമായ വചനമാണ് യേശു എന്ന് ആമുഖത്തിൽ പറയുന്നതുവഴി യേശു ദൈവപുത്രനാണെന്നു സമർത്ഥിക്കുകയാണ് ഗ്രന്ഥകാരൻ. യേശു ദൈവത്തിന്റെ വചനമാകയാൽ, മനുഷ്യരുമായി സംഭാഷണത്തിൽ ഏർപ്പെടാൻ ദൈവം പ്രയോജനപ്പെടുത്തുന്ന മാർഗമാണവിടന്ന്. അതുവഴിയായി ദൈവം ആരെന്ന് യേശു വെളിപ്പെടുത്തുന്നു (1,18). യേശു ദൈവമാണെന്ന പ്രസ്താവനയോടെ ആരംഭിക്കുന്ന സുവിശേഷം 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനംകൊണ്ട് (20,18) അവസാനിക്കുന്നു.

**6. വ്യാഖ്യാനങ്ങൾ:**

**1,1: ആദിയിൽ:** ഉത്പത്തിയിലെ ആദ്യപദവും ഇതുതന്നെ (ഹീബ്രുവിൽ 'ബെറേഷീത്'; ഗ്രീക്കിൽ 'എൻ ആർഖേ'). 'ആദിയിൽ' എന്ന പദപ്രയോഗം വഴി യോഹന്നാൻ പ്രപഞ്ചസൃഷ്ടിയുടെ (ഉത്പ 1,1) സൂചന നല്കി, ക്രിസ്തുവിലുള്ള പുതിയസൃഷ്ടിയിലേക്ക് നമ്മുടെ ശ്രദ്ധതിരിക്കുന്നു (1,14; വെളി 21,1–5). **ആയിരുന്നു:** വചനം 'ആരംഭ'ത്തിനുമുമ്പേ ഉണ്ടായിരുന്നതാണ്, അഥവാ, സ്ഥലകാലങ്ങൾക്കതീതമാണ് എന്ന് 'ഏൻ' എന്ന ഭൂതകാലക്രിയാപദം സൂചിപ്പിക്കുന്നു. **ദൈവത്തോടുകൂടെ:** ഇവിടെ 'കൂടെ' എന്നതിന് 'പ്രോസ്' എന്ന ഗ്രീക്കുപദമാണ് (ഇംഗ്ലീഷിൽ towards) ഉപയോഗിച്ചിരിക്കുന്നത്. ചലനാത്മകതയെ സൂചിപ്പിക്കുന്ന ഈ പദം 'ദൈവത്തിലേക്ക്' എന്നു പരിഭാഷപ്പെടുത്താം. പിതാവുമായുള്ള സജീവമായ ബന്ധമാണ് ഇത് അർഥമാക്കുന്നത്. ഈ ഗാഢബന്ധമാണ് (cf. 1,18) പിതാവിനെ പൂർണമായി വെളിപ്പെടുത്താൻ പുത്രനെ അർഹനാക്കുന്നത്. **വചനം ദൈവമായിരുന്നു:** 'ദൈവംതന്നെയായിരുന്നു വചനം' എന്നാണ് ഇവിടെ വിവക്ഷ. ഈ പ്രയോഗം പുത്രന്റെ ദൈവികതയോടൊപ്പം പിതാവായ ദൈവത്തിൽനിന്ന് പുത്രനുള്ള വ്യതിരിക്തതയും ഊന്നിപ്പറയുന്നു.

**1,2: ദൈവത്തോടുകൂടെയായിരുന്നു:** വചനം 'ദൈവത്തോടുകൂടെ' ആയിരുന്നെന്നും അതേസമയം 'ദൈവമായിരുന്നെന്നും' പറയുന്നതുവഴി ഒരർഥത്തിൽ ഇവർ ഒന്നാണെന്നും, അതേസമയം രണ്ടാണെന്നും അർഥമാക്കുന്നു.

**1,5: വെളിച്ചം (ഗ്രീക്ക് പദം - ഫോസ്)... ഇരുൾ: (ഗ്രീക്ക് പദം സ്ക്കോട്ടിയ)** നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ പ്രതീകമായ (1 യോഹ 2,8–11) ഈ പദപ്രയോഗം ഖുമ്റാൻഗുഹകളിൽനിന്നും കണ്ടെടുത്ത ചുരുളുകളിലും കാണാം. യോഹന്നാന്റെ രചനകളിൽ പ്രാധാന്യമർഹിക്കുന്ന സംജ്ഞയാണ് പ്രകാശം. ദൈവത്തിനു നല്കുന്ന നിർവചനംതന്നെ 'ദൈവം പ്രകാശമാണ്' എന്നത്രേ (1 യോഹ 1,5). യേശുവാകുന്ന യഥാർഥ വെളിച്ചം (1,9; 8,12) മരണത്തെയും കാപട്യത്തെയും പിശാചിനെയും ആട്ടിപ്പായിക്കുന്നു (1 യോഹ 3,8). പ്രകാശം (8,12). **കീഴടക്കുക:** പ്രകാശമാകുന്ന യേശുവിനെ ഇരുട്ടിന്റെ ശക്തികൾക്കോ മരണത്തിനോ പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. യേശുവാകട്ടെ, ഉത്ഥാനത്തിലൂടെ അവയെ കീഴ്പ്പെടുത്തി (cf. 12,35; ജ്ഞാനം 7,29–30). പീഡാസഹനമരണോത്ഥാനങ്ങളുടെ ആദ്യ സൂചന ഇവിടെ കാണാം.

**1,6: യോഹന്നാൻ:** രക്ഷാകരപദ്ധതിയുടെ ഭാഗമായി അയയ്ക്കപ്പെട്ടവനാണ് (സ്നാപക)യോഹന്നാൻ. നാലാമത്തെ സുവിശേഷത്തിൽ സ്നാനപ്പെടുത്തുന്ന യോഹന്നാനല്ല, സാക്ഷ്യംനല്കുന്ന യോഹന്നാനാണ് പ്രത്യക്ഷപ്പെടുന്നത്.

**1,7: സാക്ഷ്യം:** തന്റെ ശുശ്രൂഷാകാലംമുഴുവൻ യേശു വിചാരണയിലാണെന്നമട്ടിൽ 'സാക്ഷ്യം' എന്ന പ്രമേയം യോഹന്നാൻ അവതരിപ്പിക്കുന്നു. സ്നാപകയോഹന്നാൻ, സമരിയാക്കാരി സ്ത്രീ, വിശുദ്ധ ലിഖിതങ്ങൾ, യേശുവിന്റെ അദ്ഭുതപ്രവൃത്തികൾ, ജനക്കൂട്ടം, പരിശുദ്ധാത്മാവ്, ശിഷ്യന്മാർ എന്നിവരെല്ലാം യേശുവിനു സാക്ഷ്യംനല്കുന്നു. **വിശ്വസിക്കാൻ:** 'വിശ്വസിക്കുക' (ഗ്രീക്കിൽ 'പിസ്ത്യൂഓ') എന്ന ക്രിയാപദം പുതിയനിയമത്തിൽ 45 പ്രാവശ്യം ഉപയോഗിക്കുമ്പോൾ, അതിൽ 35 പ്രാവശ്യവും യോഹന്നാന്റെ സുവിശേഷത്തിലാണുള്ളത്. യേശുവിലേക്കു നയിക്കുന്ന ചലനാത്മക വിശ്വാസത്തിന് പ്രാധാന്യം കൊടുക്കാനാണ് ഈ ക്രിയാപദം ഉപയോഗിക്കുന്നത്. ☞ യോഹ 11,27.

**1,9: ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു:** ഗ്രീക്കിൽനിന്ന് ഈ ഭാഗം 'ലോകത്തിലേക്കു വരുന്ന എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ പ്രകാശം' എന്നും 'എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ പ്രകാശം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു' എന്നും വ്യത്യസ്തമായി ആദിമ നൂറ്റാണ്ടുകളിൽ പരിഭാഷപ്പെടുത്തിയിരുന്നു. യഥാർഥപ്രകാശമായ യേശു വരുന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത് എന്ന അർഥത്തിൽ ആധുനിക വ്യാഖ്യാതാക്കൾ രണ്ടാമത്തെ പരിഭാഷയാണ് സ്വീകരിക്കുന്നത്.

**1,10: ലോകം:** യോഹന്നാന്റെ സുവിശേഷത്തിൽ ഗ്രീക്കുപദം 'കോസ്മോസ്' ദൈവസൃഷ്ടിയായ പ്രപഞ്ചത്തെയോ (1,10), പാപത്തിൽ കഴിയുന്നവരും രക്ഷ ആവശ്യമുള്ളവരുമായ മനുഷ്യകുലത്തെയോ (3,17), ദൈവത്തോടു മറുതലിച്ച് സത്യത്തെ എതിർക്കുന്ന പൈശാചിക മണ്ഡലത്തെയോ സൂചിപ്പിക്കുന്നു (15,18-20).

**1,12: നാമത്തിൽ വിശ്വസിക്കുന്നവർ:** 'നാമത്തിലേക്കു വിശ്വസിക്കുക' എന്ന് അക്ഷരാർഥം. സെമിറ്റിക് ചിന്താഗതിയിൽ ഒരാളുടെ നാമം അയാളിൽനിന്നും ഭിന്നമായതല്ല; പേരും വ്യക്തിയും ഒന്നുതന്നെ. ഗ്രീക്കിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'എയ്സ്' എന്ന ഗ്രീക്കുപദത്തിന് 'ലേക്ക്' എന്നതാണർഥം. ഇത് ചലനത്തെ സൂചിപ്പിക്കുന്നതിനാൽ, ആഴപ്പെടുന്നതും സജീവവുമായ വിശ്വാസമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ☞യോഹ **1,7. ദൈവമക്കൾ:** ദൈവകൃപയാൽ നാം ദൈവത്തിൽനിന്നു ജനിക്കുമ്പോൾ ദൈവികജീവനാൽ നിറയ്ക്കപ്പെടുകയും പിതാവിന്റെ മക്കളായി പുനർജനിക്കുകയും ചെയ്യുന്നു (1 യോഹ 3,1-9). യേശുവിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളാകാനുള്ള അവകാശം ലഭിക്കുന്നു (ഗലാ 3,6.27). **കഴിവ്:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'എക്സൂസിയ' എന്ന ഗ്രീക്കുപദത്തിന് ശക്തി, അധികാരം, അവകാശം എന്നൊക്കെ അർഥമുണ്ട്.

**1,13: അവർ ജനിച്ചത് ...:** ഗ്രീക്കു കൈയെഴുത്തുപ്രതികളിലെല്ലാം ബഹുവചനമാണ് നല്കിയിട്ടുള്ളത്. 'അവർ' എന്നത് ദൈവത്തിൽനിന്നുള്ള വിശ്വാസികളുടെ ജനനത്തെ സൂചിപ്പിക്കുന്നു (1 യോഹ 5,18). ലഭ്യമായ കൈയെഴുത്തുപ്രതികളെക്കാൾ പ്രാചീനങ്ങളായ ഉദ്ധരണികൾ (ഇരണേവൂസ്, തെർത്തുല്യൻ, ഒരിജൻ, അഗസ്റ്റിൻ തുടങ്ങിയവരുടെ കൃതികളിൽ കാണുന്നവ) ഏകവചനരൂപത്തിനു സാക്ഷ്യങ്ങളാണ്. സുറിയാനി കൈയെഴുത്തുപ്രതികളും ഏകവചനം ഉപയോഗിക്കുന്നു. 'അവൻ' എന്ന ഏകവചനരൂപം യേശുവിന്റെ കന്യാജനനത്തെ സൂചിപ്പിക്കുന്നു. "ആരുടെ നാമത്തിൽ വിശ്വസിക്കുന്നുവോ, അവൻ ജനിച്ചത് രക്തത്തിൽനിന്നല്ല" എന്നർഥം. **രക്തത്തിൽനിന്നല്ല:** ഗ്രീക്കിൽ 'രക്തങ്ങളിൽ നിന്നല്ല', അതായത്, സ്ത്രീപുരുഷബന്ധത്തിൽ നിന്നല്ല. സ്വാഭാവികജന്മംകൊണ്ടുമാത്രം മനുഷ്യൻ ദൈവവുമായുള്ള സ്വർഗീയ ബന്ധത്തിലേക്ക് ഉയർത്തപ്പെടുന്നില്ല എന്ന് യോഹന്നാൻ ഇവിടെ ഊന്നിപ്പറയുന്നു (cf. ജ്ഞാനം 7,1.2).

**1,14: മാംസമായി:** മാംസം (ഗ്രീക്കിൽ 'സാർക്സ്') എന്ന പദം മാനുഷികവും ലൗകികവും സ്വാഭാവികവുമായവയെ ദ്യോതിപ്പിക്കുന്നു (3,6; 6,63; 1 യോഹ 4,2). പൗലോസ് അപ്പസ്തോലനാകട്ടെ, 'സാർക്സ്' പാപകരമായ ശരീരത്തെ സൂചിപ്പിക്കാൻ നിഷേധാർഥത്തിൽ ഉപയോഗിക്കുന്നു. **കൂടാരമടിച്ചു:** 'എസ്കെനോസെൻ' എന്ന ഗ്രീക്കുപദം 'കൂടാരം' എന്നർഥമുള്ള 'ഷെക്കിനാ' എന്ന ഹീബ്രുപദത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ഇസ്രായേലിന്റെ മധ്യേ നിറഞ്ഞുനിന്ന യാഹ്‌വേയുടെ സന്നിധ്യത്തെ വിളിച്ചോതുന്നതായിരുന്നു കൂടാരം (പുറ 40,34; 1 രാജാ 8,10.11.27). ദൈവികസാന്നിധ്യത്തിന്റെ നമ്മുടെയിടയിലുള്ള കൂടാരമാണ് യേശു. ഇതാണ് ഗ്രീക്കു മൂലം അർഥമാക്കുന്നത് (വെളി 21,3). **ഏകജാതൻ:** ☞യോഹ 1,18. **കൃപയും സത്യവും:** ഇവ ഗ്രീക്കുഭാഷയിൽ 'ഖാരിസും' 'അലെഥേയിയ'യും ഹീബ്രുഭാഷയിൽ 'ഘെസെദ്', 'എമെത്' എന്നിവയുമാണ്. ദൈവത്തിന്റെ കരുണയും വിശ്വസ്തതയും മാംസരൂപമെടുത്തതാണ് യേശു. ഇസ്രായേലുമായുള്ള യാഹ്‌വേയുടെ ഉടമ്പടി ബന്ധത്തെ സൂചിപ്പിക്കുന്ന ഈ പദങ്ങൾ പഴയനിയമത്തിൽ പ്രകീർത്തിക്കപ്പെടുന്ന 'കാരുണ്യവും വിശ്വസ്തത'യുമാണ് (പുറ 34,6; സങ്കീ 25,6; 89,1; സുഭാ 20,28) അർഥമാക്കുന്നത്. ☞ലൂക്കാ 6,36.

**അവന്റെ മഹത്ത്വം:** അഗ്നിമയമായ മേഘത്തിൽ കാണപ്പെട്ട മഹത്ത്വപൂർണമായ സാന്നിധ്യതേജസ്സ് മരുഭൂമിയിലെ സമാഗമകൂടാരവും (പുറ 40,34.35) പിന്നീട് ജെറുസലേം ദേവാലയവും (1 രാജാ 8,10.11) ആവരണം ചെയ്തു. ദൈവമഹത്ത്വത്തിന്റെ സർവാതിശായിത്വം യേശുവിന്റെ മനുഷ്യത്വത്തിൽ ഒളിഞ്ഞിരിക്കുന്നു.

**1,16: കൃപയ്ക്കുമേൽ കൃപ:** 'ഖാരിൻ ആന്റി ഖാരിത്തോസ്' എന്ന പ്രയോഗം വ്യത്യസ്ത അർഥങ്ങളിൽ മനസ്സിലാക്കാം: 1. കൃപയ്ക്കു (തോറ) പകരം കൃപ (യേശു); 2. കൃപയ്ക്കുമേൽ കൃപ, അതായത് സമൃദ്ധമായ കൃപ; 3. കൃപയ്ക്ക് അനുസൃതമായ കൃപ, അതായത്, യേശുവിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന യേശുവിലുള്ള കൃപയ്ക്ക് അനുസൃതമായ കൃപ. മൂന്നും ശരിയാണെങ്കിലും അവസാനത്തേതാണ് കൂടുതൽ അനുയോജ്യം. ക്രിസ്തുവിൽ യാഥാർഥ്യമായിത്തീർന്ന കൃപയ്ക്ക് അനുസൃതമായ കൃപ എന്ന അർഥത്തിലാണ് കൃപയ്ക്കുമേൽ കൃപ എന്ന പദപ്രയോഗം.

**1,21: ഏലിയായോ?** മിശിഹായുടെ വരവിനായുള്ള മുന്നൊരുക്കങ്ങൾ ഏലിയാ പൂർത്തിയാക്കുമെന്നു മലാക്കി പ്രവാചകൻ പ്രവചിച്ചിരുന്നതിനാൽ (പ്രഭാ 48,10; മലാ 4,5) ഏലിയാപ്രവാചകൻ തിരിച്ചുവരുമെന്ന് ഇസ്രായേൽജനം വിശ്വസിച്ചിരുന്നു. പ്രവാചകനാണോ? മോശയെപ്പോലുള്ള മറ്റൊരു പ്രവാചകന്റെ ആഗമനം ഇസ്രായേൽജനം കാത്തിരിക്കുകയായിരുന്നു (നിയ 18,15-19; അപ്പ 3,22). പുതിയ മോശയുടെ ദൗത്യം സാക്ഷാത്കരിച്ചത് യേശുവായിരുന്നു (4,20-26; 6,14; 7,40).

**1,23: വിളിച്ചു പറയുന്നവന്റെ ശബ്ദമാണ് ഞാൻ:** ബാബിലോണിയൻ അടിമത്തത്തിൽനിന്നുള്ള മോചനത്തിന്റെ ശബ്ദമായി വന്ന ഏശയ്യാപ്രവാചകനെ യോഹന്നാൻ ഇവിടെ ഉദ്ധരിക്കുന്നു. ഏശ 40,3-ലെ **"ഒരു സ്വരം ഉയരുന്നു:** മരുഭൂമിയിൽ കർത്താവിന് വഴിയൊരുക്കുവിൻ" എന്നതിന്റെ പുനർവ്യാഖ്യാനമാണ് ഇവിടെയുള്ളത്. ☞ലൂക്കാ 3,4-6.

**1,26: ഞാൻ ജലംകൊണ്ട് സ്നാനംനല്കുന്നു:** സമവീക്ഷണസുവിശേഷങ്ങളിൽ "അവൻ പരിശുദ്ധാത്മാവിനാൽ സ്നാനംനല്കും" (മർക്കോ 1,8; 3,11; ലൂക്കാ 3,16) എന്നു ചേർത്തിരിക്കുന്നു. യോഹന്നാന്റെ സ്നാനം (മത്താ 3,11).

**1,28: ബഥാനിയാ:** ജോർദാൻനദിയുടെ കിഴക്കുണ്ടായിരുന്നതും ഇന്നു നമുക്ക് അജ്ഞാതവുമായ ഒരു സ്ഥലം (10,40). ജറുസലേമിനടുത്തുള്ള ഇതേ പേരുള്ള യൂദയാഗ്രാമത്തിൽനിന്നും വിഭിന്നമാണിത് (11,18). ഒരിജന്റെ അഭിപ്രായത്തിൽ, ഇവിടെ സൂചിപ്പിക്കുന്ന സ്ഥലം താൽമുദിൽ പറയപ്പെടുന്ന 'ബെതബാറ' എന്ന സ്ഥലമായിരിക്കാം.

**1,29 ദൈവത്തിന്റെ കുഞ്ഞാട്:** ഈ സംബോധന യേശുദൗത്യത്തിന്റെ ബലിയർപ്പണസ്വഭാവത്തിന്റെ സൂചനയാണ്. ദൈവം തരുന്ന കുഞ്ഞാടിനെക്കുറിച്ചും (ഉത്പ 22,8) പെസഹാക്കുഞ്ഞാടിനെക്കുറിച്ചും (പുറ 12,13) ജനങ്ങളുടെ പാപങ്ങൾ വഹിക്കുന്ന കുഞ്ഞാടിനെക്കുറിച്ചും പഴയനിയമം പ്രതിപാദിക്കുന്നു. കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയുള്ള സഹനദാസനെ ഏശ 53,7.8 അവതരിപ്പിക്കുന്നുണ്ട്. ദേവാലയത്തിൽ എല്ലാ ദിവസവും അർപ്പിക്കപ്പെടുന്ന കുഞ്ഞാടും ഇവിടെ ശ്രദ്ധേയമാണ്. യോഹന്നാൻ വെളി 5,6-ലും 17,14-ലും തിന്മയെ നശിപ്പിക്കാൻ അധികാരമുള്ള കുഞ്ഞാടിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. **പാപങ്ങൾ നീക്കുന്ന:** പാപത്തിനു 'ഹമാർതിയ' എന്ന ഗ്രീക്കുപദമാണ് യോഹന്നാൻ ഉപയോഗിക്കുന്നത്.

**1,32: പ്രാവിന്റെ രൂപത്തിൽ:** പ്രാവ് (ഗ്രീക്ക് പദം - പെരിസ്റ്ററാൻ) ഉത്പത്തിപ്പുസ്തകത്തിൽ പുതിയ സൃഷ്ടിയുടെ പ്രതീകമാണ് (ഉത്പ 8,8). ഇസ്രായേൽസമൂഹത്തെ (ഹോസി 11,11) സൂചിപ്പിക്കുന്നതുമാകാം ഈ അടയാളം. **ആവസിക്കുന്നത്:** സുവിശേഷകൻ പല പ്രാവശ്യം ഉപയോഗിക്കുന്ന ഗ്രീക്കുപദം 'മെനെയ്ൻ' (നിലനില്ക്കുക) എന്ന ക്രിയാപദം ആദ്യമായി ഇവിടെ കാണാം. ഈ ഗ്രീക്കുപ്രയോഗം പിതാവും പുത്രനുമായുള്ള ഗാഢബന്ധത്തെയും (14,10; 15,10) വിശ്വാസികളിലുള്ള പരിശുദ്ധത്രിത്വത്തിന്റെ വാസത്തെയും (6,56; 14,17; 15,4-7) വിവരിക്കാൻ ഉപയോഗിച്ചിരിക്കുന്നു.

**1,37: പറഞ്ഞതുകേട്ട്:** വിശ്വാസത്തിന്റെയും ശിഷ്യത്വത്തിന്റെയും ആരംഭം ശ്രവണമാണ്. ശിഷ്യരുടെ ആന്തരികശ്രവണമാണ് ഇവിടെ അർഥമാക്കുന്നത് (10,27). **അനുഗമിച്ചു:** പുതിയനിയമത്തിൽ കാണുന്ന 'അക്കൊലുഥെയോ' എന്ന ഗ്രീക്കുപദം രൂപകാർഥത്തിൽ ശിഷ്യത്വത്തെ സൂചിപ്പിക്കുന്നു (John 8,12; 10,4-27; 12,26; 13,36).

**1,39: പത്താം മണിക്കൂർ:** റോമൻ സമ്പ്രദായമനുസരിച്ച് സൂര്യോദയത്തിനുശേഷം പത്ത് മണിക്കൂർ; ഏകദേശം വൈകുന്നേരം നാല് മണി.

**1,41: മിശിഹായെ:** ഹീബ്രുഭാഷയിൽ 'മിശിഹാ' (ഗ്രീക്കിൽ 'ക്രിസ്തോസ്') എന്നതിന് 'അഭിഷിക്തൻ' എന്നാണർഥം. ☞ലൂക്കാ 2,1. പുതിയനിയമത്തിൽ ഇവിടെയും 4,25-ലും മാത്രം 'മിശിഹാ' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. മറ്റിടങ്ങളിൽ 'ക്രിസ്തോസ്' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിട്ടുള്ളത്.

**1,43: പീലിപ്പോസ്:** 'കുതിരകളുടെ സ്നേഹിതൻ' എന്ന് അക്ഷരാർഥം. ശിഷ്യത്വത്തിന്റെ വേറൊരു മുഖമാണ് പീലിപ്പോസ് (6,7; 12,21.22; 14,8.9). യേശു പറയുന്നത് ഗ്രഹിക്കുന്നതിൽ പിമ്പിലായിരുന്നെങ്കിലും, യേശുവിനെ പിഞ്ചെല്ലുന്നതിൽ തീക്ഷ്ണമതിയായിരുന്നു.

**1,44: ബേത്സൈദ:** ഗലീലിക്കടലിന്റെ വടക്കേ അറ്റത്തുള്ള ഒരു ഗ്രാമം.

**1,48: അത്തിമരം:** യഹൂദറബ്ബിമാർ അത്തിമരത്തിന്റെ ചുവട്ടിലിരുന്ന് തോറാ പഠിച്ചിരുന്നു എന്ന പാരമ്പര്യമാകാം ഈ പരാമർശത്തിന്റെ പിന്നിൽ. സമാധാനപരമായ അന്തരീക്ഷം എന്ന അർഥവും ഈ സൂചനയിലുണ്ടെന്ന് ചിലർ കരുതുന്നു (1 രാജാ 4,25; മിക്കാ 4,4; സഖ 3,10). സമാധാനദായകനായ മിശിഹായുടെ വരവിനായി നഥാനയേൽ കാത്തിരുന്നുവെന്ന് ഇവിടെ മനസ്സിലാക്കാം.

**1,51: സത്യം സത്യമായി:** ഈ പദപ്രയോഗം യോഹന്നാന്റെമാത്രം പ്രത്യേകതയാണ് (25 പ്രാവശ്യം). **കയറിപ്പോകുന്നതും മനുഷ്യപുത്രന്റെമേൽ ഇറങ്ങിവരുന്നതും:** ഇത് യാക്കോബിന്റെ സ്വപ്നത്തെ സൂചിപ്പിക്കുന്നു (ഉത്പ 28,11-15). 'മനുഷ്യപുത്രൻ' ദാനി 7,13-ലെ സ്വർഗീയ വ്യക്തിയെ സൂചിപ്പിക്കുന്നു. സ്വർഗത്തിലെത്തിക്കുന്ന ഗോവണിയുടെ സ്ഥാനമാണ് ഇവിടെ യേശുവിന്. മനുഷ്യപുത്രൻ സ്വർഗവും ഭൂമിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയാണ് (3,13; 6,62; 14,4-6). ചവിട്ടുകൊണ്ട് മനുഷ്യരെ ഉയരങ്ങളിലെത്തിക്കുന്നു എന്ന അർഥത്തിൽ ഗോവണി പീഡാസഹനപ്രതീകം കൂടിയാണ്. മനുഷ്യാവതാരത്തിലൂടെ ദൈവം തന്റെ ജനത്തിന് സ്വയം വെളിപ്പെടുത്തുന്നതും ഇവിടെ അർഥമാക്കുന്നുണ്ട്. **യേശു:** മനുഷ്യപുത്രൻ (ലൂക്കാ 17).

**2,1: മൂന്നാംദിവസം:** സീനായ്മലയിൽ യാഹ്വേ മൂന്നാം ദിവസം സ്വയം വെളിപ്പെടുത്തിയതിനെ (പുറ 19,16) ഇത് അനുസ്മരിപ്പിക്കുന്നു. മൂന്നാം ദിവസം കർത്താവിന്റെ മഹത്ത്വത്തിന്റെ ദിനമായി കാണാം. മൂന്നാം ദിവസമാണ് യേശു ഉയിർത്തെഴുന്നേല്ക്കുന്നത് (മത്താ 16,21; 17,23; 20,19).

**വിവാഹവിരുന്ന്:** മിശിഹാരാജ്യത്തിലെ സമൃദ്ധിയും സന്തോഷവും ചിത്രീകരിക്കാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്ന പ്രതീകമാണിത് (ഹോസി 2,19.20; ഏശ 25,6-8; ജറെ 3,12). വിവാഹം പഴയനിയമത്തിൽ യാഹ്വേയും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിബന്ധത്തിന്റെയും (ഏശ 54,5.6; ജറെ 2,2) പുതിയനിയമത്തിൽ ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെയും (2 കോറി 11,2; എഫേ 5,25.26) പ്രതീകമാണ്.

**2,3: അവർക്കു വീഞ്ഞില്ല:** യേശുവിന്റെ അമ്മ 'അവർക്കു വീഞ്ഞ് തീർന്നുപോയി' എന്നല്ല, 'അവർക്കു വീഞ്ഞില്ല' എന്നാണ് യേശുവിനെ അറിയിക്കുന്നത്. യേശു തന്റെ അടയാളംവഴി ആ വിരുന്നിൽ വീഞ്ഞിന്റെ കുറവു പരിഹരിക്കുകയല്ല, അവർക്കില്ലാത്തത് നല്കുകയാണ് ചെയ്യുന്നത്. വീഞ്ഞ് പ്രതീകാത്മകമാണെന്ന സൂചനയാണിവിടെ.

**2,4: സ്ത്രീയേ:** ഈ അഭിസംബോധന സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന ദൈവവാഗ്ദാനം (ഉത്പ 3,15) സൂചിപ്പിക്കുന്നു. പുതിയ ഹവ്വയുടെ സാന്നിധ്യത്തിൽ പുതിയ ആദമായ യേശു തന്റെ രക്ഷാകരദൗത്യത്തിന് ആരംഭംകുറിക്കുന്നു.

**2,6: ആറു കല്ഭരണികൾ:** മൊത്തം നൂറ്റിരുപതു ഗാലൻ വെള്ളം ഉൾക്കൊള്ളുന്നവ. ശുദ്ധീകരണകർമത്തിനുള്ള ഇതിലെ വെള്ളം (സംഖ്യ 19,11-22) മോശയുടെ നിയമത്തെ സൂചിപ്പിക്കുന്നു. 'ആറ്' (ഏഴിൽ ഒന്നു കുറവ്) അപൂർണതയെ സൂചിപ്പിക്കുന്നെങ്കിൽ, മോശയുടെ നിയമത്തിന്റെ അപൂർണതയാണ് യേശു ഇവിടെ മറികടക്കുന്നത്.

**2,10: മേല്ത്തരം വീഞ്ഞ്:** വിശുദ്ധഗ്രന്ഥത്തിലെ ഈ പ്രതീകത്തിന് പല അർഥതലങ്ങളുണ്ട്: 1. മിശിഹാകാലത്തിന്റെ പ്രതീകമായ വീഞ്ഞിന്റെ സമൃദ്ധി (ഏശ 25,6; ജോയേ 3,18; ആമോ 9,13); 2. വൈവാഹിക സ്നേഹത്തിന്റെ ആനന്ദം (ഉത്ത 1,2; 4,10; 7,9); 3. വീഞ്ഞിനു സത്താഭേദം വരുത്തി യേശു തന്നെത്തന്നെ ലോകത്തിനു നല്കുന്നതിന്റെ മുന്നാസ്വാദനം (6,53; 1 കോറി 10,16); 4. സ്വർഗീയജീവിതത്തിന്റെ പ്രതീകമായ കുഞ്ഞാടിന്റെ വിവാഹവിരുന്ന് (വെളി 19,7-9). ഹീബ്രുകവിതയിൽ മുന്തിരിച്ചാറിനെ 'രക്തം' എന്നു പറയുന്നത് (ഉത്പ 49,11; നിയ 32,14) ഇവിടെ ശ്രദ്ധേയമാണ്.

**2,13: യഹൂദരുടെ പെസഹാ:** ഈജിപ്തിലെ അടിമത്തത്തിൽനിന്നുള്ള വിമോചനത്തിന്റെ സ്മരണ നിലനിറുത്താൻ ഇസ്രായേല്യർ വസന്തകാലത്ത് ആഘോഷിച്ചിരുന്ന തിരുനാൾ (പുറ 12). പെസഹാത്തിരുനാളിനെക്കുറിച്ച് യോഹന്നാൻ 6,4-ലും 13,1-ലും പരാമർശിക്കുന്നുണ്ട്. പെസഹാത്തിരുനാൾ (യോഹ 6,4).

**2,14: കാള, ആട്, പ്രാവ്:** യോഹന്നാൻ മാത്രമാണ് ബലിയർപ്പിക്കാനുള്ള കാള, ആട് എന്നിവയെക്കുറിച്ചു പറയുന്നത്. പ്രാവുകൾ പാവപ്പെട്ടവരുടെ ബലിയർപ്പണത്തിനുള്ളതാണ് (ലേവ്യ 5,7).

**നാണയമാറ്റക്കാർ:** 19 വയസ്സ് പൂർത്തിയായ എല്ലാ യഹൂദരും ദേവാലയനികുതിയായി അര ഷെക്കൽ നാണയം നല്കണമെന്നായിരുന്നു നിയമം (പുറ 30,11-16). റോമൻ-ഗ്രീക്കുനാണയങ്ങളിൽ ചക്രവർത്തിയുടെ ചിത്രമുണ്ടായിരുന്നതിനാൽ ടയിറിലെ നാണയമാക്കി മാറ്റിയേ നികുതി നല്കാനാകുമായിരുന്നുള്ളൂ. ☞ മത്താ 21,12. **ദേവാലയത്തിൽ:** ജറുസലേം ദേവാലയത്തിന് പല മണ്ഡപങ്ങളുണ്ടായിരുന്നു. ഏറ്റവും പിന്നിലായുള്ള വിജാതീയരുടെ മണ്ഡപം ബലിമൃഗങ്ങളെ വില്ക്കുന്നതിനും നാണയം കൈമാറ്റംചെയ്യുന്നതിനുമുള്ള സ്ഥലമായി മാറിയിരുന്നു.

**2,17: തീക്ഷ്ണത എന്നെ വിഴുങ്ങിക്കളയും:** ദൈവത്തോടുള്ള തീക്ഷ്ണത പഴയനിയമത്തിൽ സൂചിപ്പിക്കപ്പെടുന്നുണ്ട് (സംഖ്യ 25,11; 1 രാജാ 19,10). 'വിഴുങ്ങിക്കളഞ്ഞു' എന്ന് സങ്കീ 69,9-ലുള്ള വാക്യം ഇവിടെ യേശുവിനെ ഉദ്ദേശിച്ചുകൊണ്ട് 'വിഴുങ്ങിക്കളയും' എന്ന ഭാവികാലവാക്യമാക്കി മാറ്റിയിരിക്കുന്നു. 'വിഴുങ്ങിക്കളയും' എന്നതിന്റെ 'ഇല്ലാതാക്കും' എന്ന അർഥവും ബലിയുടെ പശ്ചാത്തലവും യേശുവിന്റെ കുരിശുമരണത്തെക്കുറിച്ചുള്ള സൂചന ഇവിടെ നല്കുന്നുണ്ട്.

**2,20: നാല്പ്പത്താറു സംവത്സരമെടുത്തു:** യേശു ഈ മുന്നറിയിപ്പു നല്കുന്നത് യഹൂദചരിത്രകാരനായ ജോസേഫൂസിന്റെ സൂചനകളനുസരിച്ച് (യഹൂദയുദ്ധങ്ങൾ 1,21,1 §401; യഹൂദപൗരാണികതകൾ 15,11,1 §380) എ.ഡി. 28-ലെ വസന്തകാലത്താകാൻ സാധ്യതയുണ്ട്. ഹേറോദേസ് രാജാവ് ബി.സി. 21-22 വർഷങ്ങളിൽ ദേവാലയപുനരുദ്ധാരണം ആരംഭിച്ചതിന്റെ പശ്ചാത്തലത്തിലായിരിക്കണം ഈ കണക്കുകൂട്ടൽ. ☞ ലൂക്കാ 3,1.

**3,3: വീണ്ടും:** 'അനോഥെൻ' എന്ന ഗ്രീക്കുമൂലത്തിന് 'വീണ്ടും', 'ഉന്നതത്തിൽനിന്ന്' എന്നീ രണ്ട് അർഥങ്ങളുണ്ട്. ശാരീരികമായ രണ്ടാം ജനനമാണ് യേശു ആവശ്യപ്പെടുന്നതെന്ന് വിചാരിക്കുന്ന നിക്കൊദേമോസിനെ യേശു തിരുത്തുന്നു. ദ്വയാർഥമുള്ള ഒരു വാക്ക് ആദ്യം തെറ്റിദ്ധരിക്കപ്പെടുന്നതും പിന്നീട് അതു തിരുത്തപ്പെടുന്നതും യോഹന്നാൻ അവലംബിക്കുന്ന ഒരു വിവരണശൈലിയാണ്.

**3,8 കാറ്റ്:** 'പ്ന്യൂമ' എന്ന ഗ്രീക്കുപദത്തിന് കാറ്റ്, ആത്മാവ്, അരൂപി എന്നീ അർഥങ്ങളുണ്ട്. കാറ്റിന്റെ ഗതിയും ലക്ഷ്യവും നമുക്ക് അജ്ഞാതമാണ്; അതിലുപരി നിഗൂഢമാണ് വിശ്വാസികളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം.

**3,14: ഉയർത്തുക:** 'ഹ്യുപ്സോഓ' എന്ന ഗ്രീക്കുക്രിയാപദം പെസഹാരഹസ്യത്തിലെ യേശുവിന്റെ മൂന്ന് ഉയർത്തപ്പെടലുകൾ സൂചിപ്പിക്കുന്നു: 1. കുരിശിലേക്ക്, 2. കല്ലറയിൽനിന്ന്, 3. ഭൂമിയിൽനിന്നു സ്വർഗത്തിലേക്ക് (8,28; 12,32). മോശ പിച്ചളകൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി അതിനെ വടിയിൽ ഉയർത്തിനിർത്തുകയും (സംഖ്യ 21,9) അതിനെ നോക്കിയവരെല്ലാം ജീവിക്കുകയും ചെയ്തു. യേശുവിന്റെ കുരിശുമരണത്തിന്റെയും മഹത്ത്വീകരണത്തിന്റെയും 'ഉയർത്തപ്പെടൽ' വഴി എല്ലാവരും പുതിയ ജീവനിലേക്കും ദൈവരാജ്യത്തിലേക്കും പ്രവേശിക്കുന്നു.

**3,16: ഏകജാതനെ നല്കി:** ഇവിടെ മാത്രമാണ് ദൈവം യേശുവിനെ അയച്ചു എന്നതിനു പകരം 'നല്കി' (ഗ്രീക്കിൽ 'ദീദോമി') എന്നു പറയുന്നത്. മനുഷ്യരോടുള്ള സ്നേഹത്തിന്റെ ആഴവും വ്യാപ്തിയും പ്രകടമാക്കാൻ ദൈവം തന്റെ ഏകജാതനെ ദാനമായി നല്കി (റോമാ 5,8; 8,32; എഫേ 2,4.5; 1 യോഹ 3,16). 'നല്കുക' എന്ന പദം യേശു ലോകത്തിനു നല്കുന്നതിന്റെയെല്ലാം ഉറവിടം ദൈവമാണെന്നു കാണിക്കാൻ പലപ്പോഴും ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്നു (3,35; 5,22.26.36).

**3,23: സാലിമിനടുത്തുള്ള ഏനോൻ:** 'സാലിം' എന്ന സെമിറ്റിക്ക് പദത്തിന് 'സമാധാനം' എന്നും 'ഏനോൻ' എന്ന അരമയ പദത്തിന് 'അരുവികൾ' എന്നുമാണ് അർഥം. കിഴക്കൻ പലസ്തീനയിലെ ജോർദ്ദാൻ താഴ്വരയിലോ സമരിയായിലോ ഉള്ള സ്ഥലമായിരിക്കാം ഏനോൻ.

**3,30: അവൻ വളരണം:** അനിവാര്യത പ്രകടമാക്കുന്ന 'ദേയി' എന്ന ഗ്രീക്കുപദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ഇതു ദൈവത്തിന്റെ പദ്ധതിയാണെന്നു വ്യക്തമാക്കുന്നു.

**3,36: വിശ്വസിക്കുന്നവന് ... അനുസരിക്കാത്തവൻ:** സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണ് 'അനുസരിക്കാതിരിക്കുക' (അപെയ്ഥെയോ) എന്ന ഗ്രീക്കുപദം ഉപയോഗിച്ചിരിക്കുന്നത്. ഒരാളുടെ പ്രവൃത്തിയിൽനിന്നും വിഭിന്നമായ ബൗദ്ധികതലത്തിലെ തീരുമാനമല്ല വിശ്വാസം (യാക്കോ 2,14-26). വിശ്വാസവും പ്രവൃത്തിയിലുള്ള വിശ്വസ്തതയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളാണ്. ☞യോഹ 1,7. **ദൈവക്രോധം:** ഈ പദം സുവിശേഷകൻ ഇവിടെമാത്രം ഉപയോഗിച്ചിരിക്കുന്നു. സുവിശേഷങ്ങളിൽ അഞ്ചുപ്രാവശ്യം കാണുന്ന ഈ പദം, മൂന്നു പ്രാവശ്യവും സ്നാപകന്റെ അധരങ്ങളിൽനിന്നത്രേ വരുന്നത് (മത്താ 3,7; ലൂക്കാ 3,7; യോഹ 3,36).

**4,5: സിക്കാർ:** പണ്ട് യാക്കോബ് വാങ്ങിയ വയലും പുരാതനകാലത്ത് ഷെക്കെം എന്നു വിളിക്കപ്പെട്ടിരുന്നതുമായ പട്ടണമായിരിക്കാനാണ് സാധ്യത (ഉത്പ 33,18-20). യഹൂദഗ്രന്ഥമായ താർഗുമിൽ ഇവിടെ യാക്കോബിന്റെ കിണറുണ്ടായിരുന്നുവെന്ന സൂചനയുണ്ട്.

**4,6: യാക്കോബിന്റെ കിണർ:** ജോസഫിനു നല്കിയ സ്ഥലത്തെക്കുറിച്ച് ഉത്പ 48,22 പറയുന്നുണ്ട്. ഇത് എവിടെ സ്ഥിതിചെയ്യുന്നുവെന്നത് പഴയനിയമത്തിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പരമ്പരാഗതവിശ്വാസമനുസരിച്ച് ഗെരിസിം മലയടിവാരത്തിലാണ് ഇതുള്ളത്. പഴയനിയമത്തിൽ കിണറ്റിൻകരയിലെ ചില കണ്ടുമുട്ടലുകൾ വിവാഹത്തിലാണ് കലാശിക്കുന്നത്: റബേക്ക അബ്രാഹമിന്റെ സേവകനെയും (ഉത്പ 24,1-67) യാക്കോബ് റാഹേലിനെയും (ഉത്പ 29,7) മോശ സിപ്പോറയെയും (പുറ 2,15-22) കിണറ്റിൻകരയിലാണ് കണ്ടുമുട്ടുന്നത്. ഈ സുവിശേഷത്തിൽ ദൈവികമണവാളനായ യേശു തന്റെ ഉടമ്പടിവധു ആകേണ്ട വിശ്വാസികളെ തേടി കിണറ്റിൻകരയിൽ എത്തുകയാണ് (3,29). കിണർതന്നെയും ജീവജലത്തിന്റെ ഉറവയായ ദൈവത്തിന്റെ പ്രതീകമാകാം (ജറെ 2,13).

**ആറാം മണിക്കൂർ:** നട്ടുച്ചസമയം. പുറമേ പ്രകാശമാണെങ്കിലും സമരിയാക്കാരി സ്ത്രീ ആത്മീയാന്ധകാരത്തിലായിരുന്നുവെന്ന് വ്യംഗ്യം.

**4,18: അഞ്ചു ഭർത്താക്കന്മാർ:** അഞ്ചു ഭർത്താക്കന്മാരെന്ന പരാമർശം സമരിയാക്കാരുടെ ചരിത്രത്തിലേക്കു വിരൽചൂണ്ടുന്നു. 2 രാജാ 17,24-31-ൽ കാണുന്നതനുസരിച്ച്, അഞ്ചു വിദേശഗോത്രങ്ങൾ വടക്കൻ പലസ്തീനായിലെ ഇസ്രായേല്യരുമായി വിവാഹബന്ധങ്ങളിലേർപ്പെടുകയും അവരുടെ അഞ്ചു ദേവന്മാരെ ഇസ്രായേല്ക്കാർക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്തു. ഈ വിഗ്രഹങ്ങൾ 'ബാൽ' എന്ന പേരിലാണ് അഭിസംബോധന ചെയ്യപ്പെട്ടിരുന്നത്. ബാൽ എന്ന പദത്തിനു 'നാഥൻ', 'ഭർത്താവ്' എന്നീ രണ്ട് അർഥങ്ങളുണ്ട്. അഞ്ചു ഭർത്താക്കന്മാർ സമരിയാക്കാർ വണങ്ങിയിരുന്ന അഞ്ചുദേവന്മാരെയാകാം സൂചിപ്പിക്കുന്നത്. വിജാതീയദേവന്മാരെ സേവിക്കുന്നത് ഉടമ്പടിഭർത്താവായ യാഹ്വേയോടുള്ള വിശ്വാസവഞ്ചനയാണെന്ന് പ്രവാചകന്മാർ ഇസ്രായേൽജനത്തെ താക്കീതുചെയ്യുന്നുണ്ട്. എങ്കിലും ദൈവത്തിന് ഇസ്രായേൽജനത്തിന്റെമേൽ കരുണയുണ്ടാകുമെന്നും ഒരു പുതിയ ഉടമ്പടിവഴി ദൈവം വീണ്ടും അവരുടെ ഉടമ്പടിഭർത്താവായി ഭവിക്കുമെന്നുമുള്ള പ്രത്യാശ അവർ കാത്തുസൂക്ഷിച്ചിരുന്നു (ഹോസി 2,16-20). ഇപ്പോഴുള്ളവൻ ഭർത്താവല്ല എന്നു പറയുമ്പോൾ അവൻ ആറാമത്തവനാണ് എന്ന ധ്വനിയുണ്ട്. ഏഴാമത്തവനാണ് യേശു. എല്ലാ ദാഹവും അവനിലാണ് ശമിക്കുന്നത്. ☞യോഹ 4,6.

**4,20: ഈ മലയിൽ:** ജറുസലേമിലെ സിയോൻമലയ്ക്കു ബദലായി സമരിയാക്കാർ എബാൽ/ഗെരിസിം മലയിലാണ് ആരാധിച്ചിരുന്നത്. ഇവിടെ നിർമിച്ച (നിയ 27,4) ദേവാലയം നശിപ്പിക്കപ്പെട്ടുവെങ്കിലും അവിടെയുള്ള ആരാധന അവർ തുടർന്നിരുന്നു. **ആരാധിക്കാൻ:** ദൈവജനത്തിന് ആരാധിക്കാൻ ഒരു സ്ഥലമേ ഉണ്ടാകാവൂ (നിയ 12,2-12) എന്നതിനാൽ മിശിഹാ വരുമ്പോൾ യഹൂദരുമായുള്ള തർക്കം തീരുമെന്ന് സമരിയാക്കാർ വിശ്വസിച്ചിരുന്നു. ഭർത്താവിനെക്കുറിച്ചുള്ള സംഭാഷണം ഇവിടെ യഥാർഥ ദൈവാരാധനയെക്കുറിച്ചുള്ള ചർച്ചയിലേക്കു തിരിയുന്നതു ശ്രദ്ധേയമാണ്.

**4,22: നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു:** പഞ്ചഗ്രന്ഥംമാത്രം അംഗീകരിച്ചിരുന്ന സമരിയാക്കാരുടെ ദൈവത്തെക്കുറിച്ചുള്ള അറിവ് അപൂർണമായിരുന്നു. ഇസ്രായേലിന്റെ ദൈവവിശ്വാസവും വിജാതീയരുടെ വിഗ്രഹാരാധനയും കൂടിക്കലർന്ന സമരിയാക്കാരുടെ ആരാധനയും (2 രാജാ 17,29-34) അപൂർണമാണ്. **യഹൂദരിൽനിന്നാകുന്നു:** യൂദാ ഗോത്രജനായ ദാവീദുരാജാവിന്റെ സന്തതിപരമ്പരയിൽനിന്ന് മിശിഹാ വരുമെന്നായിരുന്നു യഹൂദർ പ്രതീക്ഷിച്ചിരുന്നത് (ഉത്പ 49, 10).

**4,35: കൊയ്ത്ത്:** പഴയനിയമത്തിൽ യുഗാന്തവിധിയെയും (ജോയേ 3,13) ചിന്നിച്ചിതറിയ ഇസ്രായേൽജനത്തെ ഒരുമിച്ചുചേർക്കുന്നതിനെയും (ഏശ 27,12) ഈ പദം സൂചിപ്പിക്കുന്നു. മത്തായിയുടെ സുവിശേഷത്തിൽ കൊയ്ത്തിന്റെ ഉപമകൾ (അധ്യായം 23) അന്ത്യദിനത്തിലെ വിളവെടുപ്പിനെ സൂചിപ്പിക്കുമ്പോൾ യോഹന്നാൻ യേശുവിന്റെ കാലത്തുതന്നെയുള്ള വിളവെടുപ്പിനെ സൂചിപ്പിക്കുന്നു. സമരിയാക്കാരുടെയിടയിലുള്ള പ്രേഷിതദൗത്യം യേശുവിന്റെ ഉത്ഥാനശേഷം ആരംഭിക്കുന്നതായി സമവീക്ഷണസുവിശേഷങ്ങൾ വിവരിക്കുമ്പോൾ, യേശുവിന്റെ പരസ്യശുശ്രൂഷയിൽത്തന്നെ ഇത് ആരംഭിക്കുന്നതായി യോഹന്നാന്റെ സുവിശേഷം രേഖപ്പെടുത്തുന്നു.

**4,44: പ്രവാചകനു സ്വന്തം നാട്ടിൽ ബഹുമാനം ലഭിക്കുന്നില്ല:** ഇവിടെ 'സ്വന്തം' (ഗ്രീക്കിൽ 'ഇദിയോസ്') എന്നു ചേർത്തിരിക്കുന്നത് 'സ്വജന'മായ (1,11) യഹൂദരെ സൂചിപ്പിക്കാനാണ്.

**4,52: ഏഴാം മണിക്കൂറിൽ:** ഉച്ചകഴിഞ്ഞ് ഏകദേശം ഒരു മണി സമയം.

**5,2: അജകവാടം:** ദേവാലയത്തിലെ ബലികൾക്കാവശ്യമായ ആടുകളെ കൊണ്ടുവരാനായി ജറുസലേമിന്റെ വടക്കുകിഴക്കൻ മതിലിൽ ഉണ്ടായിരുന്ന ഒരു പ്രവേശന കവാടം (നെഹെ 3,1). **ബേത്സഥാ:** 'കാരുണ്യത്തിന്റെ ഭവനം' എന്ന് അർഥംവരുന്ന ഹീബ്രുപദം 'ബേത് ഐസ്ദാ' എന്നും 'വേർതിരിക്കപ്പെട്ട സ്ഥലം' എന്ന ഹീബ്രുപദം 'ബേത്സഥാ' എന്നും കൈയെഴുത്തുപ്രതികളിൽ കാണുന്നു. ഖുമ്റാൻ ചുരുളുകളിൽ ദേവാലയത്തിന്റെ വടക്കുകിഴക്കുഭാഗത്തുള്ള ഒരു ഇരട്ടക്കുളത്തിന് ബേത്സഥാ എന്ന പേരു കാണുന്നുണ്ട്.

**5,5: മുപ്പത്തെട്ടുവർഷമായി:** രോഗത്തിന്റെ ഈ ദൈർഘ്യം ഇസ്രായേൽജനം കാദെഷിൽവച്ച് ദൈവത്തിനെതിരായി തിരിഞ്ഞശേഷം മരുഭൂമിയിൽ മുപ്പത്തെട്ടുവർഷം അലഞ്ഞുതിരിഞ്ഞ കാലയളവിനെ സൂചിപ്പിക്കുന്നു (സംഖ്യ 13,25-14,11; നിയ 2,14).

**5,15: അറിയിച്ചു:** ഗ്രീക്കുഭാഷയിലെ 'അനാങെലോ' എന്ന പദം ഈ സുവിശേഷത്തിൽ 'പ്രഘോഷിച്ചു' എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (4,25; 16,13-15).

**5,17: ഞാനും പ്രവർത്തിക്കുന്നു:** ഏഴാം ദിവസം ദൈവം വിശ്രമിച്ചതിനോടു ബന്ധപ്പെട്ടാണ് യഹൂദരുടെ സാബത്താചരണം (ഉത്പ 2,2.3, പുറ 20,11).

**5,22: വിധി:** ഗ്രീക്കിൽ 'ക്രീസിസ്' എന്ന പദം 'വേർതിരിക്കൽ' എന്നാണ് അർഥമാക്കുന്നത്. പുത്രന്റെ വിധി ജീവനും മരണവും തമ്മിലും രക്ഷയും ശിക്ഷയും തമ്മിലും വേർതിരിക്കുന്നു.

**5,35: വിളക്ക്:** ഇവിടെ സ്നാപകയോഹന്നാന്റെ താത്കാലികമായ ദൗത്യത്തെ സൂചിപ്പിക്കുന്നു. "എന്റെ അഭിഷിക്തനുവേണ്ടി ഞാൻ ഒരു ദീപം ഒരുക്കിയിട്ടുണ്ട്" എന്ന സങ്കീർത്തകന്റെ വാക്യം (132,17) ദാവീദ് രാജാവിനെ പരാമർശിക്കുന്നതാണ്. പ്രഭാ 48,1-ലെ വിളക്കിനെപ്പറ്റിയുള്ള പരാമർശം ഏലിയായെപ്പറ്റിയാണ്.

**5,41: മഹത്ത്വം:** ഗ്രീക്കുഭാഷയിലുള്ള 'ദോക്സ' എന്ന പദത്തിനർഥം പുകഴ്ത്തൽ, മറ്റുള്ളവരിൽ നിന്നുള്ള ബഹുമതി എന്നെല്ലാമാണ്. ദൈവത്തിൽനിന്നാകുമ്പോൾ ഈ പദത്തിന് 'മഹത്ത്വം' എന്ന അർഥം കൈവരുന്നു. ഈ വാക്യങ്ങളിൽ യേശു തന്നിൽ വിശ്വസിക്കാത്ത യഹൂദരെ വിധിക്കുവാൻ തുടങ്ങുന്നതാണ് വിവരിച്ചിരിക്കുന്നത്.

**6,4: പെസഹാ:** പെസഹായെക്കുറിച്ച് യോഹന്നാൻ മൂന്നു തവണ പരാമർശിക്കുന്നുണ്ട് (2,3; 11,55). പെസഹായുടെ പശ്ചാത്തലത്തിലാണ് അപ്പം വർധിപ്പിക്കുന്ന അദ്ഭുതത്തിന്റെ വിവരണം. പുറപ്പാടു പ്രതീകങ്ങൾ ഈ വിവരണത്തിൽ ഉടനീളം കാണാം (6,12-32.49.58).

**6,7: ദനാറ:** റോമൻ നാണയം. മത്താ 20,2-ൽ ഈ നാണയം ദിവസക്കൂലിയായിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

**6,11: കൃതജ്ഞതാസ്തോത്രം ചെയ്തു:** 'യൂക്കരിസ്റ്റേയ്ൻ' എന്ന ഗ്രീക്കുപദമാണ് 'Eucharist' എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉറവിടം.

**6,19: കടലിനുമീതേ നടന്ന്:** ജോബ് 9,8-ലെ "അവിടന്ന് സമുദ്രത്തിലെ തിരമാലകളെ ചവിട്ടിമെതിക്കുന്നു" എന്ന പ്രയോഗത്തോട് യോഹന്നാന്റെ വിവരണത്തിന് സാദൃശ്യമുണ്ട്. ഇരുപത്തഞ്ചോ മുപ്പതോ സ്താദിയോൺ എന്നത് അഞ്ചോ ആറോ കി.മീ. ദൂരം വരും.

**6,41: പിറുപിറുത്തു:** ഇസ്രായേൽജനം മരുഭൂമിയിൽവച്ച് ദൈവത്തിനും മോശയ്ക്കും എതിരായി പിറുപിറുത്തതിനെ ഓർമിപ്പിക്കുന്നു (പുറ 15,24; 16,2.7.12; സംഖ്യ 11,1).

**6,56: വസിക്കുന്നു:** ഇവിടെ വസിക്കുക ('മെനോ') എന്ന greek പദം വിശ്വാസിയും യേശുവും തമ്മിലുള്ള ബന്ധം പുത്രനും പിതാവായ ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ തുടർച്ചതന്നെയാണെന്നു സുചിപ്പിക്കുന്നു.

**6,70: തിരഞ്ഞെടുത്തില്ലേ?:** ഈ സുവിശേഷത്തിൽ എക്ലെഗോമയ് (തിരഞ്ഞെടുക്കുക) എന്ന greek പദം തന്നെ അനുഗമിക്കാൻ യേശു തിരഞ്ഞെടുക്കുന്നതിനെമാത്രം സൂചിപ്പിക്കുന്നു (6,70; 13,18; 15,16.19).

**7,6: എന്റെ സമയം:** 'കയ്റോസ്' എന്ന ഗ്രീക്കുപദത്തിന് 'ഉചിതമായ സമയം' എന്നാണർഥം. യേശു ഈ സുവിശേഷത്തിൽ ഉപയോഗിക്കുന്ന 'ഹോറ' (മണിക്കൂർ) എന്ന greek പദത്തിനു സമാനമാണിത്. യേശുവിന്റെ മണിക്കൂർ (യോഹ 4,20). യേശുവിന്റെ മഹത്ത്വീകരണത്തിന്റെ പൂർണത പ്രത്യക്ഷമാകുന്ന പീഡാനുഭവ-മരണസമയമാണ് ഇവിടെ അർഥമാക്കുന്നത് (7,30; 13,1).

**7,12: രഹസ്യം പറച്ചിൽ:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ഗൊംഗുറ്റ്സോ' എന്ന ഗ്രീക്കുപദം 'പിറുപിറുക്കുക'യെന്നും പരിഭാഷപ്പെടുത്താം (cf. 6,41.43.61).

**7,22: പരിച്ഛേദനം:** അബ്രാഹത്തോടു ദൈവം ചെയ്ത ഉടമ്പടിയുടെ ബാഹ്യമായ അടയാളം (ഉത്പ 17,10-14). പിന്നീട് അത് മോശയുമായുള്ള ഉടമ്പടിയിൽ ചേർക്കപ്പെട്ടു (ലേവ്യ 12,3). യഹൂദപാരമ്പര്യമനുസരിച്ച് ആൺകുട്ടിയെ എട്ടാം ദിവസം പരിച്ഛേദനം ചെയ്യണം. അതു സാബത്തുദിവസമാണെങ്കിൽ, സാബത്തുനിയമം ലംഘിച്ചുകൊണ്ട് പരിച്ഛേദനകർമം നിർവഹിക്കപ്പെടേണ്ടിയിരുന്നു.

**7,42: ലിഖിതം:** ദാവീദിൽനിന്നുള്ള മിശിഹായുടെ വംശപരമ്പരയെപ്പറ്റി 2 സാമു 7,12-14; ഏശ 9,6.7; ജറെ 23,5; എസെ 34, 23.24 എന്നീ വചനങ്ങൾ പ്രസ്താവിക്കുമ്പോൾ, അവിടത്തെ ജനനസ്ഥലം ബേത്ലെഹെമാണെന്ന് മിക്കാ 5,2-ൽ കാണാം.

**8,1: ഒലിവുമല:** സമവീക്ഷണസുവിശേഷത്തിൽ ഈ സ്ഥലം പലപ്രാവശ്യം സൂചിപ്പിക്കപ്പെടുന്നെങ്കിലും (മത്താ 21,1; 24,3; 26,30; മർക്കോ 11,1; 13,3; 14,26) ഈ സുവിശേഷത്തിൽ ഇവിടെമാത്രമാണുള്ളത്.

**8,14: എന്റെ സാക്ഷ്യം സത്യമാണ്:** യേശു പിതാവിൽനിന്ന് വരുന്നുവെന്നും അതുകൊണ്ടുതന്നെ തന്റെ ദൗത്യം ദൈവികമാണെന്നും ഇവിടെ ഊന്നിപ്പറയുന്നു. എവിടേക്ക് **പോകുന്നുവെന്നും:** (ഹ്യുപാഗോ) എന്ന ക്രിയാപദം ഈ സുവിശേഷത്തിൽ മരണോത്ഥാന-മഹത്ത്വീകരണങ്ങളിലൂടെ യേശു ഈ ലോകത്തിൽനിന്നു യാത്രയാകുന്നതിനെ സൂചിപ്പിക്കുന്നു (7,33; 8,21; 13,3.33.36; 14,28; 16,5.10).

**8,39: അബ്രാഹത്തിന്റെ മക്കൾ:** അബ്രാഹത്തിന്റെ 'സന്തതികൾ' ('സ്പെർമ': 8,33) എന്ന ഗ്രീക്കുപദത്തിന് പകരം ഇവിടെ 'മക്കൾ' ('ടെക്ന') എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിരിക്കുന്നത്. 'ദൈവമക്കൾ' എന്ന അർഥത്തിലാണ് ഈ പദം 1,12-ൽ ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഇവിടെയും ആത്യന്തികമായി ദൈവവുമായുള്ള ബന്ധത്തിനാണ് സുവിശേഷകൻ ഊന്നൽനല്കുന്നത്.

**8,41: ജാരസന്തതികളല്ല:** പഴയനിയമത്തിൽ വ്യഭിചാരം വിഗ്രഹാരാധനയുടെ പ്രതീകമാണ് (ഹോസി 1,2; 2,4-5). ജാരസന്തതികളല്ലായെന്നു പറയുമ്പോൾ, തങ്ങളും യഥാർഥ ദൈവത്തെ ആരാധിക്കുന്നവരാണെന്ന് അവർ അവകാശപ്പെടുന്നു.

**8,56: അബ്രാഹം ആനന്ദിച്ചു:** ഇതിനെക്കുറിച്ച് രണ്ടു വ്യാഖ്യാനപാരമ്പര്യങ്ങളുണ്ട്: 1. 'ഇസഹാക്ക്' (അവൻ ചിരിക്കുന്നു: ഉത്പ 17,17-19; 18,9-15; 21,6) എന്ന നാമത്തെ സൂചിപ്പിക്കുന്നു. ഇസഹാക്കിന്റെ ജനനത്തിലുള്ള അബ്രാഹത്തിന്റെ ചിരി അദ്ദേഹത്തിന്റെ സന്തോഷമായാണ് യഹൂദപാരമ്പര്യം വ്യാഖ്യാനിക്കുന്നത്; 2. ഭാവിയെക്കുറിച്ചുള്ള മുന്നറിവ് അബ്രാഹത്തിനു ദൈവം നല്കിയിരുന്നെന്ന യഹൂദപാരമ്പര്യം അടിസ്ഥാനമാക്കി, യേശു വരുമെന്നറിഞ്ഞ അദ്ദേഹം അതിൽ സന്തോഷിച്ചുവെന്നും ഇവിടെ അർഥമാക്കുന്നു.

**8,57:** "അബ്രാഹം എങ്ങനെയാണ് നിന്നെ കണ്ടിട്ടുണ്ടാകുക?" എന്ന് മൂന്നാം നൂറ്റാണ്ടിലെ ബോഡ്മർ പപ്പീറസിലും (p.75) കോഡക്സ് സിനായിറ്റിക്കൂസിലും കൊടുത്തിരിക്കുന്നു.

**8,58: ഞാൻ ആകുന്നു:** 'ഞാൻ ഞാൻ തന്നെ' എന്ന ദൈവനാമം (പുറ 3,14) യേശു തനിക്കായി ഉപയോഗിക്കുകയും ദൈവവുമായി നിത്യതയിൽ തനിക്കുള്ള ഐക്യം അവകാശപ്പെടുകയും ചെയ്യുന്നു (യോഹ 10,30). യേശുവിന്റെ ഈ അവകാശവാദം ഫരിസേയർ കൃത്യമായി ഗ്രഹിക്കുകയും അതിനെ ദൈവദൂഷണമായി കണ്ട് അവിടത്തെ കല്ലെറിയാൻ ഒരുങ്ങുകയും ചെയ്യുന്നു (യോഹ 8,59; ലേവ്യ 24,16). ഞാനാകുന്നു (യോഹ 6,35).

**9,2: ആരു പാപം ചെയ്തു:** ☞യോഹ 5,14. ഒരുവനുണ്ടാകുന്ന രോഗത്തിന് ഉത്തരവാദി അവന്റെ മാതാപിതാക്കളോ (തോബി 3,3) അല്ലെങ്കിൽ അവൻ ചെയ്ത പാപങ്ങളോ (ജോബ് 31,3; സങ്കീ 107,17) ആണെന്നായിരുന്നു യഹൂദരുടെ വിശ്വാസം.

**9,4: ലോകത്തിന്റെ പ്രകാശമാണ്:** പ്രകാശം (യോഹ 8,12).

**9,6: തുപ്പൽകൊണ്ടു ചളിയുണ്ടാക്കി:** ആദിയിൽ മനുഷ്യനെ സൃഷ്ടിക്കുന്നതുമായി (ഉത്പ 2,7) ചിലർ ഇതിനെ ബന്ധിപ്പിക്കുന്നു. തുപ്പൽ രോഗശാന്തിക്കു കഴിവുള്ളതാണെന്ന ചിന്തയും അന്നാളുകളിൽ പ്രചരിച്ചിരുന്നു.

**9,7: നീ പോയി ... കുളത്തിൽ കഴുകുക:** cf. 2 രാജാ 5,10-14. **സീലോഹാ കുളം:** പുരാതന ജറുസലേമിന്റെ തെക്കുഭാഗത്തു സ്ഥിതി ചെയ്തിരുന്നതും കല്ലിൽ കൊത്തിനിർമിക്കപ്പെട്ടതുമായ ഒരു ജലസംഭരണി. ജറുസലേംനഗരത്തിൽ വെള്ളം ലഭ്യമാക്കുവാൻ ഹെസെക്കിയാരാജാവ് പണിയിപ്പിച്ചതായിരുന്നു ഇത് (2 രാജാ 20,20; 2 ദിന 32,30). 'അയ്ക്കപ്പെട്ടവൻ' എന്ന് അർഥമാക്കുന്ന സീലോഹാ പിതാവിനാൽ അയയ്ക്കപ്പെട്ട (9,4; 12,44) യേശുവിന്റെ പ്രതീകമാണ്. അയയ്ക്കപ്പെട്ടവനായ യേശുവിൽ വിശ്വസിച്ച് രക്ഷപ്രാപിക്കുകയെന്നാണ് ഇവിടെ പ്രതീകാത്മകമായ അർഥം.

**9,22: യഹൂദരെ ഭയന്നിട്ട്:** യേശുവിനെക്കുറിച്ച് നിശ്ശബ്ദതപാലിക്കാൻ കാരണം യഹൂദരോടുള്ള ഭയമാണെന്ന് സുവിശേഷകൻ ആവർത്തിക്കുന്നുണ്ട് (7,13; 19,38; 20,19). **ഏറ്റുപറയുക:** യേശു ക്രിസ്തുവാണ് എന്നു വിശ്വസിക്കുകയും ആ വിശ്വാസം മറ്റുള്ളവരുടെമുന്നിൽ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നതിനെ 'ഏറ്റുപറയുക' ('ഹോമൊളോഗെയോ') എന്ന ഗ്രീക്കുപദം അർഥമാക്കുന്നു. **സിനഗോഗിൽനിന്നു പുറത്താക്കുക:** യേശുവിനെ ക്രിസ്തുവെന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവരെ സിനഗോഗിൽനിന്നു പുറത്താക്കുന്ന പതിവ് തുടങ്ങുന്നത് എ.ഡി. 80-ലാണ്.

**9,28: ശകാരിച്ചു:** 'ലോയ്ദോറെയോ' എന്ന ഗ്രീക്കുപദം സുവിശേഷങ്ങളിൽ ഇവിടെ മാത്രമാണുള്ളത്. വെറും ശകാരമെന്നതിലുപരി, പുതിയനിയമഗ്രന്ഥങ്ങളിൽ ഇത് വലിയ അധിക്ഷേപവും (അപ്പ 23,4) മതമർദന സാഹചര്യങ്ങളും (1 കോറി 4,12; 1 പത്രോ 2,23) സൂചിപ്പിക്കുന്നതാണ്.

**9,29: ദൈവം സംസാരിച്ചു:** ദൈവം മോശയോട് സംസാരിച്ചുവെന്നത് പഴയനിയമവിവരണങ്ങളുടെ കാതലാണ് (പുറ 33,11; സംഖ്യ 12,2.8). പക്ഷേ, ദൈവവചനംതന്നെയായ യേശുവിനെ അവർ തിരിച്ചറിയുന്നില്ല.

**9,31: പ്രാർഥന ദൈവം കേൾക്കുന്നു:** ദൈവം പാപികളുടെ പ്രാർഥന കേൾക്കുകയില്ലെന്ന യഹൂദവിശ്വാസം (ജോബ് 35,13; സങ്കീ 66,18; ഏശ 1,15) ഫരിസേയർക്കെതിരേയുള്ള വാദമായി അന്ധൻ പ്രയോഗിക്കുന്നു. യേശുവിന്റെ പ്രാർഥന ദൈവം കേട്ടതിനാലാണ് അന്ധനു കാഴ്ചലഭിച്ചതെന്നു ചൂണ്ടിക്കാട്ടി, യേശു പാപിയാണെന്ന ഫരിസേയരുടെ വാദം ഖണ്ഡിക്കുന്ന അന്ധനെ നാമിവിടെ കാണുന്നു.

**9,32: കണ്ണ് ആരും തുറന്നതായി ... കേട്ടിട്ടില്ല:** തോബിത്തിന്റെ കാഴ്ചപോലും കുറച്ചു ദിവസത്തേക്കു നഷ്ടപ്പെടുകയും പിന്നീട് തിരിച്ചു കിട്ടുകയുമായിരുന്നു. ജനനംമുതൽ അദ്ദേഹം അന്ധനായിരുന്നില്ല (തോബി 2,9.10; 11,7-15; 14,1.2).

**9,38: പ്രണമിച്ചു:** 'പ്രോസ്ക്യുനെയോ' എന്ന ഗ്രീക്കുപദം ഈ സുവിശേഷത്തിൽ ദൈവാരാധനയെ സൂചിപ്പിക്കുന്നു (4,20-24; 12,20). ആ മനുഷ്യൻ യേശുവിനെ ദൈവമായി തിരിച്ചറിഞ്ഞ് പ്രണമിച്ച് ആരാധിക്കുന്നു.

**10,6: ഉപമ:** ഉപമയെന്ന് ഇവിടെ തർജ്ജമചെയ്തിരിക്കുന്നത് 'പരോയ്മിയ' എന്ന ഗ്രീക്കുപദമാണ് (16,25.29; 2 പത്രോ 2,22; ഹീബ്രുഭാഷയിലെ 'മഷാൽ'). ഉപമകൾ (മത്താ 13,3). വിവിധ അർഥധ്വനികൾ നല്കുവാൻ ഉദ്ദേശിക്കുമ്പോഴാണ് ഈ പ്രയോഗശൈലി സ്വീകരിക്കുന്നത്. അക്ഷരങ്ങൾക്കപ്പുറമുള്ള അർഥം ഗ്രഹിക്കാൻ ശ്രോതാക്കളെ യോഹന്നാൻ ക്ഷണിക്കുന്നു. ഫരിസേയർ കള്ളന്മാരും കവർച്ചക്കാരുമാണെന്ന ധ്വനിയും 'സ്വന്തം ജനം' (1,11), 'സ്വരം കേൾക്കുക' (5,37; 12,47) എന്നീ പ്രമേയങ്ങളുടെ സൂചനകളും ഇവിടെയുണ്ട്.

**10,11: നല്ല ഇടയനാണ്:** 'കാലോസ്' എന്ന ഗ്രീക്കുപദത്തിന് 'നല്ലത്', 'സുന്ദരം, 'മാതൃക', 'സത്യമായത്' തുടങ്ങിയ അർഥങ്ങളുണ്ട്. ജീവനർപ്പിക്കുന്നു: അജഗണത്തിനുവേണ്ടി ജീവനർപ്പിക്കുന്നവനാണ് നല്ല ഇടയൻ. അജഗണം ശുദ്ധീകരിക്കപ്പെടാൻ ഇടയന്റെ മരണം ആവശ്യമാണെന്ന മെസയാനിക പ്രവചനമുണ്ട് (സഖ 13,7-9).

**10,12: കൂലിക്കാരൻ:** ആടുകളുടെ സുസ്ഥിതിയിൽ താത്പര്യമില്ലാത്ത ഇടയന്മാരെക്കുറിച്ച് പഴയനിയമത്തിൽ പല സൂചനകളുമുണ്ട് (എസെ 34,5.6; ജറെ 23,1-3; സഖ 11,15.17). **ചെന്നായ്:** ആത്മീയശത്രുക്കളെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പരമ്പരാഗത പ്രതീകം (മത്താ 7,15; മത്താ 10,16; അപ്പ 20.29).

**10,22: പ്രതിഷ്ഠയുടെ തിരുനാൾ:** ഹനുക്കാ എന്നും ഇതു വിളിക്കപ്പെടുന്നു. കൂടാരത്തിരുനാൾ (7,2) കഴിഞ്ഞ് മൂന്ന് മാസങ്ങൾക്കുശേഷം (ഡിസംബറിൽ) എട്ടുദിവസങ്ങൾ നീണ്ടുനില്ക്കുന്ന പ്രകാശത്തിന്റെയും സന്തോഷത്തിന്റെയും തിരുനാളാണിത്. ജറുസലേംദേവാലയം അശുദ്ധമാക്കിയ അന്തിയോക്കസ് എപ്പിഫാനസ് നാലാമൻ രാജാവിനെ (ദാനി 8,13; 9,27; 1 മക്ക 1,54-61) പരാജയപ്പെടുത്തിയ മക്കബായർ ബി.സി. 164-ൽ ദേവാലയം

പുനഃപ്രതിഷ്ഠിച്ച്, ബലിപീഠപുനഃസമർപ്പണം നടത്തിയതിന്റെ ഓർമയായാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത് (1 മക്ക 4,36-59; 2 മക്ക 10,1-8).

**10,23: സോളമന്റെ മണ്ഡപം:** ജറുസലേംദേവാലയത്തെച്ചുറ്റി ഒരു സ്തംഭനിര പണിതിരുന്നു. ഇതിൽ കിഴക്കുവശത്തെ സ്തംഭനിരയെയാണ് സോളമന്റെ മണ്ഡപം എന്നു വിളിച്ചിരുന്നത് (അപ്പ 3,11). മരുഭൂമിയിൽ നിന്നുള്ള ശീതക്കാറ്റിനെ തടയാൻ ഇതിനു കഴിയും.

**10,34: നിങ്ങൾ ദൈവങ്ങളാണെന്ന് ...:** സങ്കീ 82,6-ലെ ഉദ്ധരണി.

**10,36: വിശുദ്ധീകരിച്ച്:** ജറുസലേമിലെ രണ്ടാംദേവാലയത്തിന്റെ പുനഃപ്രതിഷ്ഠയുടെ (1 മക്ക 4,48) സ്മരണയാഘോഷിക്കുന്ന ഹനുക്കാതിരുനാളിന്റെയും അതിനുമുമ്പുണ്ടായിരുന്ന മരുഭൂമിയിലെ കൂടാരപ്രതിഷ്ഠയുടെയും (സംഖ്യ 7,1) പശ്ചാത്തലത്തിലാണ് യേശുവിന്റെ ഈ വാക്കുകൾ. പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്ന ഈ വിശുദ്ധസ്ഥലങ്ങൾക്കു പകരമായി ഇപ്പോൾ നമുക്കു നല്കപ്പെട്ടിരിക്കുന്നത് നവീനവും അഭിഷിക്തവുമായ യേശുവിന്റെ ശരീരമായ ദേവാലയമാണ് (യോഹ 2,20.21). ഗ്രീക്കിൽ 'ഹഗിയാറ്റ്സോ' എന്ന വാക്കിന്, 'വിശുദ്ധീകരിച്ച് മാറ്റിവയ്ക്കപ്പെട്ട' എന്ന അർഥം കൂടിയുണ്ട്. ലോകം സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിനായി പിതാവ് ക്രിസ്തുവിനെ വിശുദ്ധീകരിച്ച് മാറ്റിവച്ചിരിക്കുന്നു (17,19).

**11,11: ലാസർ ഉറങ്ങുകയാണ്:** 'കൊയ്മാവോ' ഗ്രീക്കുപദത്തിന് 'ഉറങ്ങുക'യെന്നും ആലങ്കാരികമായി 'മരിക്കുക'യെന്നും അർഥമുണ്ട് (മത്താ 27,52; 1 കോറി 7,39; 11,30; 15,6.18.20.51; 1 തെസ്സ 4,13-15).

**11,12: സൗഖ്യം പ്രാപിക്കും:** 'സോറ്റ്സോ' എന്ന ഗ്രീക്കുപദം 'ശാരീരികസൗഖ്യം' മാത്രമല്ല 'രക്ഷ'യും (cf. മർക്കോ 5,28.34; 10,52) അർഥമാക്കുന്നുണ്ട്. ശിഷ്യർ ഇവിടെയും പ്രതീകാത്മക അർഥം തിരിച്ചറിയുന്നില്ല.

**11,14: വ്യക്തമായി:** യേശു മുമ്പ് രൂപകാത്മകമായി പറഞ്ഞത് സാധാരണ ശൈലിയിൽ അവതരിപ്പിക്കുന്നതിനെ 'പറേസിയ' എന്ന ഗ്രീക്കുപദം സൂചിപ്പിക്കുന്നു (cf. 10,24; 16,25.29).

**11,16: ദീദിമോസ്:** ഇരട്ടയെന്നാണ് ഈ ഗ്രീക്കുപദത്തിനർഥം. ഇരട്ടയെന്നതിനുള്ള അരമായഭാഷയിലുള്ള പദമാണ് താഓമാ. ഏറെ പുരാതനമായ സുറിയാനിഭാഷയിലുള്ള പതിപ്പിലും തോമായുടെ സുവിശേഷത്തിലും പേരിനെ സംബന്ധിച്ച ഇത്തരമൊരു പരാമർശമുണ്ട്.

**11,18:** പതിനഞ്ചു സ്താദിയോൺ ഏകദേശം മൂന്ന് കി.മീ. ദൂരം. യേശുവിന്റെ ജീവൻ അപകടത്തിലാക്കുന്ന ജറുസലേം (10,31.39;11,8) വളരെ അടുത്താണെന്ന് ഇത് ഓർമിപ്പിക്കുന്നു.

**11,33: നെടുവീർപ്പിട്ട്:** 'എംബ്രിമസ്തായി' എന്ന ഗ്രീക്കുപദത്തിന് 'കുപിതനായി' എന്നും (ദാനി 11,30; മത്താ 9,30; മർക്കോ 1,43; 14,5) തുടർന്നുവരുന്ന 'തരാസ്സോ' ഗ്രീക്കുപദത്തിന് 'അസ്വസ്ഥനായി' എന്നുമാണ് വാച്യാർഥം.

**11,41.42:** ലാസറിന്റെ ശവകുടീരത്തിങ്കലുള്ള യേശുവിന്റെ പ്രാർഥനയുടെ പ്രത്യേകതകൾ: 1. സ്വർഗത്തിലേക്കു കണ്ണുകളുയർത്തുന്നു (17,1). 2. ദൈവത്തെ 'പിതാവേ' എന്നു വിളിക്കുന്നു (മത്താ 26,39.42; മർക്കോ 14,36; ലൂക്കാ 10,21; 22,42; 23,43.46). 3. കൃതജ്ഞതാപ്രകാശനം (cf. സങ്കീ 118,21). 4. തന്റെ പ്രാർഥന ദൈവം കേൾക്കുമെന്നുള്ള ഉറപ്പ് (14,13.14; 15,7.16; 16,23.24.26).

**11,49: ആ വർഷത്തെ:** കയ്യാഫാസ് പ്രധാനപുരോഹിതനായിരുന്നത് എ.ഡി. 18-36 കാലഘട്ടത്തിലായിരുന്നു. പീലാത്തോസിന്റെ ഭരണകാലത്തിന്റെ (എ.ഡി. 8-36) അവസാനം കയ്യാഫാസിനെ പുറത്താക്കിയെന്നതാണ് ചരിത്രസത്യം (ജൊസേഫൂസ്, യഹൂദപൗരാണികതകൾ, 28.35,95).

**11,53: ആലോചിച്ചു:** ഗ്രീക്കിൽ 'ബുളെവുവോമായി' എന്ന പദത്തിന് ആധികാരികമായ തീരുമാനമെടുക്കുക' എന്ന അർഥമാണുള്ളത്. യേശുവിന്റെ മരണത്തിലേക്കുള്ള വ്യക്തമായ ആദ്യപടിയായി ഇതിനെ കാണാം.

**11,54: എഫ്രായിം:** ഈ പട്ടണം ജറുസലേമിൽനിന്ന് 18 കി.മീ. വടക്കുകിഴക്കായാണ് സ്ഥിതിചെയ്തിരുന്നത്.

**12,2: അത്താഴം:** 'ഡെയ്പ്നോൻ' എന്ന ഗ്രീക്കുപദം ഇവിടെയും യേശുവിന്റെ അന്ത്യഅത്താഴത്തെക്കുറിച്ചു പറയുന്നിടത്തും മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് (13,2.4; 21,20).

**12,3: യേശുവിന്റെ പാദങ്ങളിൽ:** ഇവിടെ യേശുവിന്റെ പാദങ്ങൾ അഭിഷേകം ചെയ്യപ്പെടുന്നത് മരണത്തെക്കുറിച്ചുള്ള പ്രവചനമായി കാണാം (cf. 12,7). മർക്കോ 14,3-ലും മത്താ 26,6-ലും രാജകീയവും മെസയാനികവുമായ അഭിഷേകത്തിന്റെ പ്രതീകമായി മറിയം തൈലം ഒഴിക്കുന്നത് ശിരസ്സിലാണ്.

**12,5: മുന്നൂറു ദനാറാ:** ഒരു ദിവസത്തെ വേതനം ഒരു ദനാറയാണെങ്കിൽ (മത്താ 20,2), ഇത് ഏകദേശം ഒരു കൊല്ലത്തെ വരുമാനമാണ്.

**12,13 ഈന്തപ്പനയോല:** കൂടാരത്തിരുനാൾ ദിവസങ്ങളിൽ ഇസ്രായേൽജനം ഈന്തപ്പനയോലകൾ വീശിയിരുന്നു; അതുപോലെതന്നെ വലിയ ജേതാക്കളെ വരവേല്ക്കാനും (1 മക്ക 13,51; 2 മക്ക 10,7). **ഹോസാന:** 'ഞങ്ങളെ രക്ഷിക്കണമേ' (സങ്കീ 118,25) എന്നർഥം. **കർത്താവിന്റെ നാമത്തിൽ ...:** ഇസ്രായേൽജനം വലിയ തിരുനാളുകളിൽ പാടിയിരുന്ന 'ഹല്ലേൽ' സങ്കീർത്തനങ്ങളുടെ (സങ്കീ 113 -118) കൂട്ടത്തിൽപ്പെട്ടതാണിത്. വിജയശ്രീലാളി

തനായ രാജാവിനെ എതിരേല്ക്കുന്നതു ചിത്രീകരിക്കുന്ന 118-ാം സങ്കീർത്തനം ഇവിടെ ഉദ്ധരിക്കുന്നതുവഴി യേശുവിനെ രാജാവായി അവതരിപ്പിക്കുന്നു.

**12,14: കഴുതക്കുട്ടി:** സമാധാനത്തിന്റെ പ്രതീകമാണ് (സഖ 9,9) ഇവിടെ തെളിഞ്ഞുനില്ക്കുന്നത്.

**12,15: ഭയപ്പെടേണ്ട:** സഖ 9,9-ലെ 'സന്തോഷിക്കുക' എന്നത് 'ഭയപ്പെടേണ്ട' എന്നാക്കിയിരിക്കുന്നു. പഴയനിയമത്തിൽ ആവർത്തിക്കപ്പെടുന്ന ഈ വചനം ദൈവസാന്നിധ്യം (ഉത്പ 15,1) സൂചിപ്പിക്കുന്നു. യേശു വിജശ്രീലാളിതനായ യോദ്ധാവല്ല, ദൈവത്തിന്റെ സാന്നിധ്യമാണെന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു.

**12,24: ഗോതമ്പുമണി ...:** സമവീക്ഷണസുവിശേഷങ്ങളിൽ കാണുന്ന രൂപകം (മർക്കോ 8,35; മത്താ 10,39). **അഴിയുന്നില്ലെങ്കിൽ:** ഗ്രീക്കിലെ 'അപ്പോഥ്നെസ്കോ' എന്ന പദത്തിന് 'മരിക്കുക', 'നശിക്കുക' എന്നൊക്കെയാണ് അർഥം.

**12,29: ഇടിമുഴക്കം:** ഇത് ദൈവസാന്നിധ്യത്തിന്റെ അടയാളമായി കരുതപ്പെട്ടിരുന്നു (പുറ 4,23; സങ്കീ 29,3-9). ജനക്കൂട്ടം ദൈവസാന്നിധ്യം തിരിച്ചറിയുന്നെങ്കിലും, 'യേശുവിൽ ദൈവം സന്നിഹിതനാ'ണെന്നു തിരിച്ചറിയുന്നില്ല.